


# റോബിൻ ഇലക്കാട്ട് വീണ്ടും മിസ്സൂറി സിറ്റി മേയർ





ജോസ് കണിയാലി

**മി**സ്സൂറി സിറ്റി മേയറായി വീണ്ടും റോബിൻ ഇലക്കാട്ട് തെരഞ്ഞെടുക്കപ്പെട്ടു. യോലാൻഡാ ഫോർഡിനെയാണ് റോബിൻ ഇലക്കാട്ട് പരാജയപ്പെടുത്തിയത്. മിസ്സൂറി സിറ്റിക്ക് മേയർ തെരഞ്ഞെടുപ്പാണെങ്കിലും അമേരിക്കൻ മലയാളി സമൂഹത്തിന് ഇത് മേജർ തെരഞ്ഞെടുപ്പായിരുന്നു. സെപ്റ്റംബർ 29-ന് ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി ഹാളിൽ റോബിൻ ഇലക്കാട്ടിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഔദ്യോഗിക കിക്കോഫ് തുടങ്ങിയത് മുതൽ മിസ്സൂറി സിറ്റി തെരഞ്ഞെടുപ്പ് ചൂടിലായിരുന്നു. ഒരു നഗരത്തിന്റെ വികസനത്തിനൊപ്പം ആത്മവിശ്വാസത്തോടെ മുന്നേറുകയായിരുന്നു നമ്മുടെ പ്രിയപ്പെട്ട മേയർ റോബിൻ ഇലക്കാട്ട്. കേരളത്തിന്റെ മണ്ണിൽ നിന്നും പഠിച്ച രാഷ്ട്രീയപാഠമാണ് അദ്ദേഹം മിസ്സൂറിയിലും പരീക്ഷിച്ചത്. കേരളത്തിലെ എം.പിമാരും എം.എൽ.എമാരും ജനങ്ങളോട് അടുത്തു നിൽക്കുന്നതുപോലെ ഒരു സംവിധാനം അമേരിക്കയിൽ ഇല്ല. എന്നാൽ റോബിൻ ഇലക്കാട്ട് തന്റെ പ്രചാരണത്തിന് നാട്ടിലെ രീതി കൊണ്ടുവന്നത് അമേരിക്കൻ ജനതയ്ക്ക് കൗതുകമായി. ജനകീയനായ ഒരു മേയറായി മാറാൻ അദ്ദേഹത്തിന് സാധിച്ചു. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് അവർക്ക് ഒരു ഫോൺ കോളിനപ്പുറത്ത് ഒരു ജനകീയനായ മേയർ ഉണ്ടെന്ന് മനസ്സിലാക്കി കൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

മേയറായതിന് ശേഷം അദ്ദേഹം നടപ്പിൽ വരുത്തിയ പദ്ധതികൾക്ക് കണക്കില്ല. പ്രത്യേകിച്ച് പൊതുജന സുരക്ഷ, നികുതി ഇളവുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു. പുതിയ ബിസിനസ് സംരംഭങ്ങൾ സിറ്റിയിൽ വരാൻ നികുതിയിളവ് ഉൾപ്പെടെയുള്ളവ കൊണ്ട് സാധിച്ചു. പ്രോപ്പർട്ടി ടാക്സ് കുറയ്ക്കുകയും മുതിർന്നവർക്കും വികലാംഗർക്കും പ്രത്യേക നികുതിയിളവ് നൽകിയത് സിറ്റിയുടെ ചരിത്രത്തിൽ തന്നെ ആദ്യ സംഭവമായിരുന്നു. ജനങ്ങളുടെ മേൽ അമിതമായ നികുതിഭാരം അടിച്ചേൽപ്പിക്കാതെ സുസ്ഥിരമായ ഒരു ഭരണ സംവിധാനമാണ് റോബിൻ ഇലക്കാട്ട് നടപ്പിലാക്കിയത്. സിറ്റി സ്റ്റാഫിന്റേയും കൗൺസിലിന്റേയും സഹകരണത്തോടെ കഴിഞ്ഞ രണ്ട് വർഷമായി സ്കൂൾ, നഗര ഇവന്റുകൾ സംഘടിപ്പിക്കപ്പെട്ടു. പൊതുജനവുമായി കൂടുതൽ ഇടപഴകുവാനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കുവാനും സാധിച്ചു. ഒരു യുണൈറ്റഡ് സിറ്റിയായി മിസ്സൂറി സിറ്റിയെ ഉയർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനുള്ള അംഗീകാരം കൂടിയാണ് ഈ വിജയമെന്ന് റോബിൻ ഇലക്കാട്ട് കേരളാ എക്സ്പ്രസ്സിനോട് പറഞ്ഞു.

കഴിഞ്ഞ രണ്ടു വർഷം നടപ്പിലാക്കിയ പദ്ധതികളായിരുന്നു അദ്ദേഹത്തിന്റെ മുതൽക്കൂട്ട്. ഇനിയുള്ള പ്രവർത്തനങ്ങൾ മുൻ കാല വികസനത്തിന്റെ ബാക്കിയാണ്. അമേരിക്കയിലെ ഏറ്റവും നല്ല നഗരമായി മിസ്സൂറിയെ വളർത്തിയെടുക്കുവാൻ സാധിച്ചതിൽ തനിക്ക് അഭിമാനമുണ്ടെന്ന് റോബിൻ ഇലക്കാട്ട് പറഞ്ഞു. മലയാളികൾക്ക് മാത്രമല്ല ഈ വിജയത്തിൽ അഭിമാനമുള്ളത്. അമേരിക്കൻ ജനതയും ഏഷ്യൻ സമൂഹവും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. റോബിൻ ഇലക്കാട്ട് ഏവർക്കും മാതൃകയായ ഒരു നേതാവായി ഇനിയും മുന്നേറാൻ മലയാളി സമൂഹത്തിന് അദ്ദേഹത്തിനൊപ്പം നിൽക്കാം. പ്രവർത്തിക്കാം.

2022 ആഗസ്റ്റ് ഒന്നിന് രണ്ടാം ടേമിലേക്കുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കുമ്പോൾ തന്റെ പിതാവ് ഫിലിപ്പ് ഇലക്കാട്ട് അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്നു. കഴിഞ്ഞ വർഷം മരണപ്പെട്ട അമ്മ ഏലിയാമ്മയുടെ അനുഗ്രഹവും തന്റെ പ്രവർത്തനങ്ങൾക്കൊപ്പം ഉണ്ടെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഭാര്യ ടീനയും, മക്കളായ ലിയയും കെയ്റ്റിലിനും എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയുമായി ഒപ്പമുള്ളത് ഒരു ജനനേതാവിന്റെ വിജയം തന്നെ.

റോബിൻ ഇലക്കാട്ടിന്റെ വിജയത്തിൽ ഫോമാ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, പ്രവാസി കേരളാ കോൺഗ്രസ് നാഷണൽ പ്രസിഡന്റ് ജെയ്ബു മാത്യു കുളങ്ങര, ചിക്കാഗോ കെസിഎസ് പ്രസിഡന്റ് തോമസ് പൂതക്കരി എന്നിവർ അഭിനന്ദനങ്ങൾ അറിയിച്ചു.









